# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 680 — 11.07.2014 ൽ മറുപടിക്ക്

## പഴകിയ അരി വിതരണത്തിനെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീമതി കെ.എസ്.സലീഖ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി പുഴുവരിച്ചതും പഴകിയതുമായ അരി വിതരണം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ട ഉടൻ അരി മാറ്റികൊടുത്തിട്ടുണ്ട് . |
| (ബി) | ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയിന്മേൽ പരിശോധന നടത്താറുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | പരാതി ലഭിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിലെ വിതുര മാവേലി സ്റ്റോറിൽ നിന്നും 25.06.2014 ൽ വി.വി.ദായിനി യു.പി.സ്കൂളിൽ വിതരണം ചെയ്ത അരിയിൽ പുഴുക്കളെ കണ്ടെത്തിയതായി സപ്ലൈകോ തിരുവനന്തപുരം റീജീയണൽ മാനേജരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.<br>മാവേലി സ്റ്റോറിൽ പരിശോധന നടത്തി മോശമായ അരി ഡിപ്പോയിലേക്ക് മാറ്റുകയും ചെയ്തു. |
| (സി) | പഴകിയ അരി വിതരണം ചെയ്യുന്നതിന് കാരണക്കാരായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുമോ ? | (സി) | കുറ്റക്കാരായി തെളിഞ്ഞാൽ നടപടി സ്വീകരിക്കും |

Beena

സെക്ഷൻ ഓഫീസർ